WRITTEN ANSWERS

വിദ്യാഭ്യാസ പ്രക്ഷോഭണം സംബന്ധിച്ച മുഖ്യമന്ത്രി നടത്തുന്ന പ്രസ് കോൺഫറൻസ്.

* 1600. [34] ശ്രീ. കുസുമം ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അകറിനെതിരായി ശ്രുപംകൊള്ളുന്ന പ്രക്ഷോഭണത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നവരെ മുഖ്യമന്ത്രി ഒരു കോൺഫറൻസിനു ക്ഷണിക്കുകയുണ്ടായോ;

(ബി) അവരുടെ മറുപടി എന്തായിരുന്നു;

(സി) എന്നത്തേക്ക് ഈ കോൺഫറൻസ് നടത്താനാണുദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്):

ഈ സംബന്ധിച്ചുനടന്ന കത്തിടപാടുകളുടെ കോപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്*.

ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡുകളിലെ യാത്രക്കാർക്കു ലഘുഭക്ഷണത്തിനുവേണ്ട ഏർപ്പാട്.

* 1601. [37] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ, എറണാകുളം എന്നീ ഗവണ്മെൻറ് ട്രാൻസ്പോർട്ടബസ് സ്റ്റാൻഡുകളിൽ യാത്രക്കാർക്ക് ലഘുഭക്ഷണം കഴിക്കുന്നതിനുള്ള യാതൊരു ഏർപ്പാടുമില്ലെന്നു ഗവണ്മെൻറിനറിയാമോ? അതു പരിഹരിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി(ശ്രീ. ടി. വി. തോമസ്):

അറിയാം. ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികളുടേയും, യാത്രക്കാരുടേയും ഉപയോഗത്തിനായി തൃശ്ശൂരിൽ ഒരു കാഫറ്റീരിയാ തുറക്കുന്നതിനു വേണ്ട നടപടികളും എടുത്തിട്ടുണ്ട്. എറണാകുളത്തു ഇപ്രകാരം ഒരു കാഫറ്റീരിയാ തുറക്കുന്നതിനു സ്ഥലമില്ല. സ്ഥലം, സൌകര്യപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

അംശം ഉദ്യോഗസ്ഥന്മാരുടെ സർവ്വീസ് ഏകീകരണം.

* 1602. [38] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചിയിലേയും, കാസർകോട്, മലബാർ വിഭാഗത്തേയും അംശം ഉദ്യോഗസ്ഥന്മാരുടെ സർവ്വീസ് ഏകീകരണം നടപ്പിലായിട്ടുണ്ടോ;

---

*Please see Appendix.

LIBRARY ARCHIVES Kerala Legislative Assembly